LIBRARY ARCHIVES Kerala Legislative Assembly

പൊഴിയൂരിലെ മത്സ്യബന്ധന തുറമുഖം

224(730) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചോ?

ഇല്ല. നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്ത് നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. മാതൃകാപഠന റിപ്പോർട്ട് പൂർത്തിയാക്കിയാലുടനെ DPR തയ്യാറാക്കുന്നതാണ്.

(ബി) തുറമുഖത്തിന്റെ പ്രവൃത്തിയുടെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുംമെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകിയ ശേഷം മാത്രമേ ദർഘാസ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 2021 സെപ്തംബർ 30-നുമുമ്പ് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് 3-6-2021-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കടലാക്രമണത്തിൽ നഷ്ടപ്പെട്ട തീരം സംരക്ഷിക്കുന്നതിന് മേല്പറഞ്ഞ തുറമുഖത്തിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ കഴിയുമോ?

ഹാർബറിനോട് അനുബന്ധിച്ചുള്ള തീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതിയുംകൂടി ഈ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

മുനക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ മിനി ഹാർബറായി ഉയർത്തൽ

225(731) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ മുനക്കടവ് ഫിഷ് ലാൻഡിംഗ് സെന്റർ, മിനി ഹാർബറായി ഉയർത്തുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ?

നിലവിൽ ഇല്ല.

(ബി) പദ്ധതിക്കായി സ്ഥലം ഏറ്റെടുത്തിട്ടും ഫിഷ് ലാൻഡിംഗ് സെന്റർ മിനി ഹാർബറായി ഉയർത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

മുനയ്ക്കടവ് ഫിഷ് ലാൻഡിംഗ് സെന്ററിൽ നിലവിൽ 53 മീറ്റർ, 45 മീറ്റർ എന്നിങ്ങനെ 2 വാർഫ്, 10 ലോക്കർ മുറികൾ, 1 ഓവർഹെഡ് വാട്ടർ ടാങ്ക്, ടോയ്‌ലറ്റ് ബ്ലോക്ക്, ടോൾ ബൂത്ത്, പാർക്കിംഗ് ഏരിയ, കോമ്പൗണ്ട് വാൾ എന്നിവ ഉണ്ട്. ഫിഷ് ലാന്റിംഗ് സെന്റർ മിനി ഫിഷിംഗ് ഹാർബറായി ഉയർത്തണമെന്ന എം.എൽ.എ.-യുടെ ആവശ്യപ്രകാരം പരിശോധനയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തി. റിപ്പോർട്ട് വരുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

ശുചിത്വ സാഗരം പദ്ധതി

226(732) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ശുചിത്വ സാഗരം പദ്ധതി ഏതെല്ലാം വകുപ്പുകളുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

ശുചിത്വ സാഗരം പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) നിലവിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് ശുചിത്വ സാഗരം പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഐക്യരാഷ്ട്ര സംഘടനയുടെയും വേൾഡ് എക്കണോമിക് ഫോറത്തിന്റെയും പ്രത്യേക പരാമർശം നേടിയ പ്രസ്തുത പദ്ധതി എല്ലാ മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നീണ്ടകര മത്സ്യബന്ധന തുറമുഖത്ത് നടപ്പിലാക്കി നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പ്രസ്തുത പദ്ധതി മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിലേയ്ക്കും വ്യാപിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly